# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1387 04.12.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ഡോ.കെ.ടി.ജലീൽ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുന്ന മോണോറെയിൽ പദ്ധതിക്കുള്ള നിർമ്മാണ കരാർ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഓരോ സ്ഥലത്തേയും പദ്ധതി ചെലവ് കണക്കാക്കപ്പെട്ടത് എത്ര കോടി വീതമായിരുന്നു ; | (ബി) | തിരുവനന്തപുരം മോണോറെയിൽ പദ്ധതിക്ക് 3590 കോടി രൂപയും കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് 1991 കോടി രൂപയുമാണ് പദ്ധതിചെലവ് കണക്കാക്കപ്പെട്ടിരുന്നത്. |
| (സി) | ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ എത്രയെണ്ണം ; അവ ഏതൊക്കെ ; ഇതിനകം എത്ര തവണ ടെണ്ടർ വിളിക്കുകയുണ്ടായിട്ടുണ്ട് ; | (സി) | ആദ്യം 01.10.2013 തീയതിയിലും, പുനർദർഘാസ് 28.11.2013 തീയതിയിലും വിളിക്കുകയുണ്ടായി. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിനകം രണ്ടുതവണ ടെണ്ടർ വിളിച്ചിട്ടുണ്ട്. |
| (ഡി) | കേരള മോണോറെയിൽ കോർപ്പറേഷൻ സർക്കാരിന് പ്രപ്പോസൽ നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയ്ക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ 10-ാമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും, മോണോറെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി 4 ആഴ്ചക്കുള്ളിൽ വിശദരൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ടെണ്ടർ കാര്യത്തിൽ സർക്കാർ സ്വീകരിച്ച അന്തിമ തീരുമാനം വ്യക്തമാക്കുമോ ? | (ഇ) | 28.08.2014-ന് കൂടിയ 10-ാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻ പ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 08.10.2014-ന് സമർപ്പിക്കുകയും, 24.10.2014-ന് കൂടിയ 11-ാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം, പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn-key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം ഡോ.ഇ.ശ്രീധരന്റെ നേതൃത്വത്തിൽ 19.11.2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**